**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1726** **08-02-2023 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസത്തിനായി വിദേശ രാജ്യങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ ഒഴുക്ക് തടയാൻ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി.ഉമ തോമസ്** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിൽ നിന്നും ഉന്നത പഠനത്തിനായി വിദേശ രാജ്യങ്ങളിലേക്ക് നിരവധി വിദ്യാർത്ഥികൾ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ ഗൗരവമായി കാണുകയും കേരളത്തിലെ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ സാഹചര്യം ഒരുക്കുന്നതിനായി ചുവടെ പറയുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>**1. കരിക്കുലം പരിഷ്കരണം:-** ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശകളുടെ ഭാഗമായി കരിക്കുലം പരിഷ്കരിക്കുന്നതിനും 4 വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുമായി സർക്കാർ പ്രൊഫ. സുരേഷ് ദാസ് അദ്ധ്യക്ഷനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി (Kerala State Curriculum Committee for Higher Education) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>**2. സാക്ക് (SAAC - State Assessment & Accreditation Centre)**:- രാജ്യത്തെ സർവ്വകലാശാലകളുൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക് പ്രകടനം വർഷംതോറും വിലയിരുത്തുന്ന നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC)-ന്റെ മാതൃകയിൽ സംസ്ഥാന തലത്തിൽ പ്രാദേശിക വൈവിദ്ധ്യങ്ങളുടെയും പ്രത്യേകതകളുടെയും അളവുകോലുകൾകൂടി ഉൾപ്പെടുത്തി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തിക്കൊണ്ട് ഗ്രേഡിംഗ് നൽകുന്നതിനായി കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ |

(SAAC) പ്രവർത്തിച്ചുവരുന്നു. NAAC-ൽ വിഭാവനം ചെയ്തിട്ടുള്ള 5 core values-ന് പുറമേ, Social Inclusiveness (Inclusive Education), Equity and Excellence, Scientific temper, and secular outlook എന്നീ 3 core values-ന്റെ കൂടി അടിസ്ഥാനത്തിൽ, സ്ഥാപനങ്ങളെ സംസ്ഥാനാധിഷ്ഠിത മാനദണ്ഡങ്ങളുടെയും (State specific) കൂടി വിലയിരുത്തി യാണ് SAAC അസസ്സ്മെന്റും ഗ്രേഡിംഗും നൽകുന്നത്. സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളും സർക്കാർ - എയ്ഡഡ് കോളേജുകളും സ്വയംഭരണ കോളേജുകളും സ്വാശ്രയ കോളേജുകളും SAAC-ന്റെ അവലോകന പരിധിയിൽ വരും.

**3. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (Kerala Institutional Ranking Frame work) (KIRF)**:- സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്കു ചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (Kerala Institutional Ranking Frame work) (KIRF) പ്രാവർത്തികമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ കടന്നുവരുന്ന വിദ്യാർത്ഥികൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുവാൻ സഹായിക്കും. മാത്രമല്ല നമ്മുടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയവും അന്തർദേശീയവുമായ റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിന് ഇത് സഹായകര മായിരിക്കും. പ്രൊഫ. ഗംഗൻ പ്രതാപിന്റെ നേതൃത്വത്തിൽ ഇതുമായി ബന്ധപ്പെട്ട് ഒരു Oversight Committee രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. NIRF മാതൃകയുടെ അടിസ്ഥാന മൂല്യങ്ങളും ഘടകങ്ങളും ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാനതല റാങ്കിംഗ് സംവിധാനം രൂപപ്പെടുത്താനാണ് ശ്രമിക്കുന്നത്.

**4. പുതുതലമുറ കോഴ്സുകൾ:-** സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് ഇരുപതിനായിര ത്തോളം സീറ്റുകൾ വർദ്ധിപ്പിക്കുക യുണ്ടായി. കൂടാതെ സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള 170-ഓളം കോഴ്സുകൾ ആരംഭിക്കുകയുണ്ടായി.

**5. കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (കാൾനെറ്റ്):-** കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സർവകലാശാല ലൈബ്രറികൾ കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്വർക്ക് (Kerala Academic Library Network - KALNET) പ്രവർത്തനം ആരംഭിച്ചു.

**6. DIGICOL (കോളേജുകൾക്ക് ലേർണിംഗ് മാനേജ്മെന്റ് സിസ്റ്റം):-** കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യം ഒരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഉന്നത വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും സംയുക്തമായി ആവിഷ്കരിച്ച് സർക്കാരിന് സമർപ്പിച്ച പദ്ധതിയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരള (Digital Enablement of Higher Education Institutions in Kerala) (Let's go digital പദ്ധതി). കേരളത്തിലെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യുക്കേഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. LMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനതലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപനതലത്തിലും ആവശ്യമായ ഓൺലൈൻ പഠന സംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. അദ്ധ്യാപക പരിശീലനം:- ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി/ കോളേജ് അദ്ധ്യാപകർക്കായി പരിശീലന പരിപാടി ഉന്നത വിദ്യാഭ്യാസ കൗൺസിൽ നൽകി കഴിഞ്ഞു.

**7. ഇ-ജേർണൽ കൺസോർഷ്യം:-** സർവ്വകലാശാലകൾക്ക് യു.ജി.സി സൗജന്യമായി നൽകിവന്നിരുന്ന ഇ-ജേർണൽ പദ്ധതി (UGC INFLIBNET) നിർത്തലാക്കിയ സാഹചര്യത്തിൽ, സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും/ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഇ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium) പ്രവർത്തനക്ഷമമാണ്.

| | | | |
|---|---|---|---|
| | | | **8. ബ്രെയിൻ ഗെയിൻ:-** Building Up Database of the Keralite – Academic Diaspora around the Globe എന്ന പേരിലാണ് ഈ പ്രോജക്ട് നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക, ഗവേഷണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ഇത് ഏറെ സഹായകരമായിരിക്കും. ആദ്യ ഘട്ടത്തിൽ എം.ജി, KVASU, തോന്നയ്ക്കലിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളാണ് ഈ പദ്ധതിയിൽ ഭാഗഭാക്കാവുന്നത്. |
| (ബി) | പ്രസ്തുത വിഷയം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | 'എ' - യിൽ മറുപടി നൽകിയിരിക്കുന്നു. |
| (സി) | കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ സാഹചര്യം ഒരുക്കാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | 'എ' - യിൽ മറുപടി നൽകിയിരിക്കുന്നു. |
| (ഡി) | വിദ്യാഭ്യാസത്തിനായി വിദേശ രാജ്യങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ ഒഴുക്ക് തടയാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഡി) | 'എ' - യിൽ മറുപടി നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ